**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6481 01.11.2011 ൽ മറുപടിക്ക്.**

**കുട്ടനാട് പുളിങ്കുന്ന് താലൂക്കാശുപത്രി, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിലെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തോമസ് ചാണ്ടി** | **ശ്രീ. അടൂർ പ്രകാശ്** (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) കുട്ടനാട് മണ്ഡലത്തിലെ പുളിങ്കുന്ന് താലൂക്ക് ആശുപത്രി, പ്രൈമറി / കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വിശദമാക്കാമോ; | **എ)** ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) പുളിങ്കുന്ന് താലൂക്കാശുപത്രിയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | **ബി)** പുളിങ്കുന്ന് താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ 5 ഒഴിവുകളാണ് നിലവിലുള്ളത്. അവരുടെ സേവനം ഉറപ്പുവരുത്തുന്നതിനായി ഇവിടെ 2 അസിസ്റ്റന്റ് സർജൻമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. |
| സി) കുട്ടനാട്ടിലേക്ക് നിർബന്ധിത ഗ്രാമീണ സേവനത്തിന് നിയമിച്ചിട്ടും എത്താത്ത ഡോക്ടർമാരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | **സി)** കുട്ടനാട് ഉൾപ്പെടെ ആലപ്പുഴ ജില്ലയിൽ നിർബന്ധിത ഗ്രാമീണ സേവനത്തിനായി നിയമിക്കപ്പെടുകയും ജോലിക്ക് അനധികൃതമായി ഹാജരാകാതിരിക്കുകയും ചെയ്ത എല്ലാ ഡോക്ടർമാർക്കും ജില്ലാ കളക്ടർ നോട്ടീസ് നൽകിയിട്ടുണ്ട്. |
| ഡി) കുട്ടനാട് താലൂക്കാശുപത്രി, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ നിന്നും നിലവിൽ വർക്ക് അറേഞ്ച്മെന്റിലും ഡെപ്യൂട്ടേഷനിലും ജോലി ചെയ്യുന്ന നഴ്സുമാർ, ഡോക്ടർമാർ എന്നിവരുടെ പട്ടിക ലഭ്യമാക്കുമോ? | **ഡി)** എടത്വാ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരായ ഡിംപിൾ നടേശൻ, ജയന്ത് ജോൺ മത്തായി എന്നിവരെ യഥാക്രമം പ്രാഥമികാരോഗ്യ കേന്ദ്രം രാമങ്കരി, പ്രാഥമികാരോഗ്യ കേന്ദ്രം മുട്ടാർ എന്നിവിടങ്ങളിൽ ആഴ്ചയിൽ 3 ദിവസം വീതം വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് നഴ്സായ ശ്രീമതി ആഷ. ഡി യെ ഹരിപ്പാട് താലൂക്ക് ആശുപത്രിയിലും ശ്രീമതി ശശികലയെ ആലപ്പുഴ ഗവ. സ്കൂൾ ഓഫ് നഴ്സിംഗിൽ നഴ്സിംഗ് ട്യൂട്ടറായും വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കുട്ടനാട് താലൂക്കാശുപത്രി, സി.എച്ച്.സി, പി.എച്ച്.സി എന്നിവിടങ്ങളിൽ നിലവിൽ ആരും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നില്ല. |

**സെക്ഷൻ ഓഫീസർ**